പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 460 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം

ചോദ്യം

ശ്രീ. എസ്. ശർമ്മ

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം എത്ര തുകയാണ്; | (എ) | പ്രതിദിന നഷ്ടം ഏകദേശം 3 കോടി 14 ലക്ഷം രൂപയാണ്. |
| (ബി) | ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഇപ്പോഴുള്ള പ്രതിദിന നഷ്ടം എത്രയാണ്; | (ബി) | ഏകദേശം 60 ലക്ഷം രൂപയാണ് ഡീസൽ വില വർദ്ധനവിനെ തുടർന്ന് പ്രതിദിന അധിക ബാദ്ധ്യത. |
| (സി) | കെ.എസ്.ആർ.ടി.സി. യെ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഡീസൽ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഡ്രൈവർമാർ ഉൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു മൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ